# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 698 11.06.2014 ൽ മറുപടിക്ക്

ചികിത്സാ സഹായത്തിന്റെ വിശദാംശം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നും കാസർഗോഡ് ജില്ലയിലെ അപേക്ഷകരിൽ എത്രപേർക്ക് ചികിത്സാ സഹായം അനുവദിച്ചിട്ടുണ്ടെന്നും ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇവർക്ക് എത്ര രൂപയുടെ സഹായം ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാസർഗോഡ് ജില്ലയിലെ ചികിത്സാ ധനസഹായ അപേക്ഷകരിൽ നിന്നും 119 പേർക്ക് സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ പദ്ധതിയിൽ നിന്നും ആകെ 19,32,000/- (പത്തൊൻപതു ലക്ഷത്തി മുപ്പത്തിരണ്ടായിരം) രൂപ ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്.<br>എൻഡോസൾഫാൻ ദുരിതബാധിതർക്കായുള്ള പുനരധിവാസ പദ്ധതി പ്രകാരം ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ട 4890 (4182+708) രോഗികളിൽ ചികിത്സ തേടിയവരിൽനിന്നും കേരളത്തിനകത്തും പുറത്തുമായി സൗജന്യ ചികിത്സക്കായി എംപാനൽ ചെയ്യപ്പെട്ട 17 ആശുപത്രികളിൽകൂടിയും കൂടാതെ മൊബൈൽ മെഡിക്കൽ ടീം വഴിയും ആകെ 2,45,35,467 യ- രൂപയുടെ ചികിത്സാ സഹായം നൽകിയിട്ടുണ്ട് .ക്യാമ്പുകളുടെ ഇടവേളകളിൽ എൻഡോസൾഫാൻ ദുരിതബാധിതരാണെന്ന് സംശയിക്കുന്നവരും എന്നാൽ അടിയന്തര ചികിത്സാ ആവശ്യമുള്ളവരുമായ 88 അപേക്ഷകരിൽ ഇതിനകം 51 പേർക്ക് ചികിത്സാ സഹായം തേടുന്നതിന് സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ